# ദി ഡിഫെൻഡർ

Vol. No. 8 Issue No. 15 RNI Reg. No. 68089 / 97 Published From Perumbavoor 2005 AUGUST 1

# ശതാബ്ദിയാഘോഷത്തിന്റെ പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങൾ

newindpress

## Kerala's Pentecostal churches nurse political ambitions

Monday July 18 2005

THIRUVANANTHAPURAM: Kerala's Pentecostal Church that claims a one million strong membership appears keen to enter the state's political scene, disillusioned by successive regimes.

"Over the years we have been merely used as a tool by both the political fronts in Kerala. We are going to seriously discuss the issue (of entering politics) among our faithful at the centenary celebrations," N M Raju, vice president of the Pentecostal Council of India (PCI), told reporters here on Sunday. The centenary celebrations of the church will be held at Thiruvalla from Dec 6 to 11. The PCI is hopeful that Prime Minister Manmohan Singh will inaugurate. "We expect a large number of our members from across the country to be present at the celebrations," Sam Kuzhikala, convenor of the celebrations, told IANS. The PCI is confident that with their numbers they can tilt the political scales in several of the state's 140 assembly constituencies. "Till now we have not put forward any demands unlike other churches which bargain with political leaders. The parties use us when elections come and then they forget us. Don't be surprised if we put up candidates in the forthcoming assembly polls," said Kuzhikala.

The PCI in Kerala is a conglomeration of five Pentecostal churches - Indian Pentecostal Church, Church of God, Assemblies of God, Sharon Fellowship and WME Church. The followers of the PCI are mainly concentrated in central Kerala besides a strong presence in major cities in the state.

പെന്തക്കോസ്ത് ശതാബ്ദിയാഘോഷത്തിന്റെ പിന്നിൽ രാഷ്ട്രീയലക്ഷ്യങ്ങളാണുള്ളത് എന്ന വസ്തുത സംഘാടകർ തന്നെ വെളിപ്പെടുത്തിയിരിക്കുന്നു. പെന്തക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡന്റായ എൻ.എം.രാജു, ശതാബ്ദിയാഘോഷത്തിന്റെ കൺവീനറായ സാം കുഴിക്കാല എന്നിവർ ജൂലൈ 17ന് തിരുവനന്തപുരത്ത് നടത്തിയ പത്രസമ്മേളനത്തിലാണ് സത്യം തുറന്നു പറഞ്ഞത്.

ഇവർ നടത്തിയ പത്രസമ്മേളനത്തിൽ വെളിപ്പെടുത്തിയ കാര്യങ്ങൾ നിരവധി പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അവ ഇന്റർനെറ്റിൽ ലഭ്യമാണ്. (ന്യൂ ഇന്ത്യൻ എക്സ്പ്രസ്സിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വാർത്ത ഇടതുവശത്ത്).

കേരളത്തിലെ പെന്തക്കോസ്ത് സഭകൾ രാഷ്ട്രീയ നേട്ടങ്ങൾ ലക്ഷ്യമിടുന്നു എന്ന് അർത്ഥം വരുന്ന തലക്കെട്ടോടെയാണ് വാർത്ത പ്രസിദ്ധീകരിച്ചിരിക്കുന്നത്. കേരളത്തിൽ പത്തുലക്ഷം പെന്തക്കോസ്തുകാരുണ്ട് എന്ന ഔദ്യോഗിക ഭോഷ്ക്ക് ഈ വാർത്തയിലും കൊടുത്തിട്ടുണ്ട്.

വിവിധ രാഷ്ട്രീയ പാർട്ടികൾ കഴിഞ്ഞ കാലങ്ങളിൽ പെന്തക്കോസ്തുകാരെ ചട്ടുകങ്ങളായി ഉപയോഗിക്കയായിരുന്നെന്നും ഇനി അത് അനുവദിക്കാനാവില്ലെന്നും പി.സി.ഐ. നേതാക്കൻമാർ പറയുന്നു. ശതാബ്ദി സമ്മേളനം പെന്തക്കോസ്തുകാരുടെ രാഷ്ട്രീയപ്രവേശനത്തിനുള്ള വേദിയാക്കാൻ ഗൗരവമായി ആലോചിക്കുന്നതായും ഇവർ വെളിപ്പെടുത്തി. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ പെന്തക്കോസ്ത് സഭകൾ സ്ഥാനാർത്ഥികളെ നിർത്താൻ വരെ സാദ്ധ്യതയുണ്ടെന്ന് സാം കുഴിക്കാല പറയുന്നു. (നൂറു വർഷം മുൻപ് മുക്തിമിഷനിൽ ചിലർ അന്യഭാഷ പറഞ്ഞതിന്റെ പേരിൽ തിരുവല്ലയിൽ ശതാബ്ദി നടത്തുന്നതിന്റെ ഗുട്ടൻ പിടികിട്ടിയോ?)

കേരളത്തിൽ പത്തുലക്ഷം പെന്തക്കോസ്തുകാരുണ്ടെന്ന് രാഷ്ട്രീയക്കാരെ തെറ്റിദ്ധരിപ്പിക്കയും ആ വോട്ടുകൾ വെച്ച് വിലപറഞ്ഞ് രാഷ്ട്രീയ നേട്ടങ്ങൾ ഉണ്ടാക്കുകയുമാണ് ശതാബ്ദി സമ്മേളനം നടത്തുന്നവരുടെ ലക്ഷ്യം. ആകയാൽ ദൈവമക്കൾ സൂക്ഷിക്കുക. ഈ സമ്മേളനത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ഭോഷ്ക്കിന്റെ പിതാവായ സാത്താന്റെ കരങ്ങളാണ്. ഇത് സാത്താന്യ തന്ത്രമാണ്.

കൂടുതൽ വിവരങ്ങൾക്ക് ഈ സൈറ്റുകൾ സന്ദർശിക്കുക:
www.icn-news.com/live/ index.php?pg=011&id=1121679023
www.hindu.com/2005/07/18/stories/2005071817200300.htm
in.news.yahoo.com/050717/43/5zdfb.html
news.surfwax.com/religion/files/Pentecostal.html
www.indianangle.com/717-2.htm
www.kaumudi.com/news/071805/kerala.stm
www.eians.com/stories/2005/07/17/17pen.shtml

## വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: രണ്ടാമത്തെ സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ രണ്ടാമത്തേത് ആഗസ്റ്റ് രണ്ടാം വാരം പുറത്തിറങ്ങും. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് ഈ സി.ഡിയുടെ ഉള്ളടക്കം. (കൾട്ടുകളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ 5-ാം പേജ് നോക്കുക).

ആദ്യ സി.ഡി. ജൂലൈ 10ന് പുറത്തിറങ്ങി. പണം അടച്ച എല്ലാവർക്കും സി.ഡി. അയച്ചുകഴിഞ്ഞു.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ രണ്ടു സി.ഡികൾക്ക് 200 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപ യാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. വിശദ വിവരങ്ങൾ 8-ാം പേജിൽ. വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

***റ്റി.എസ്.ബാലൻ,***
***ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,***
***പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542***

# അച്ചൻകുഞ്ഞ് ഇലന്തൂർ നിഴൽയുദ്ധം നടത്തുന്നു

കള്ളക്കണക്കു നിരത്തി പെന്തക്കോസ്തിന് മഹത്വമുണ്ടാക്കാൻ മരുപ്പച്ച നടത്തിയ ശ്രമം ഡിഫെൻഡർ തകർത്തതോടെ അച്ചൻകുഞ്ഞ് ഇലന്തൂർ നിഴൽയുദ്ധം ആരംഭിച്ചിരിക്കയാണ്. ആരും നാളിതുവരെ പറയാത്ത കാര്യങ്ങൾ ആരൊക്കെയോ പറഞ്ഞെന്ന് പ്രഖ്യാപിക്കുകയും അത്തരം പ്രഖ്യാപനങ്ങൾ തെറ്റെന്ന് തെളിയിച്ച് സായൂജ്യമടയുകയുമാണ് അച്ചൻകുഞ്ഞ് ചെയ്യുന്നത്. സംശയമുള്ളവർ ജൂലൈ 20 ലക്കം മരുപ്പച്ചയിൽ അച്ചൻകുഞ്ഞ് എഴുതിയ മുഖപ്രസംഗം വായിക്കുക:

''പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ ഉടലെടുത്തിട്ട് ഒരു നൂറ്റാണ്ടാകുന്നതേയുള്ളൂ. അതിനുമുൻപ് പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നു എന്നു പറയുന്നവർ ചരിത്രത്തെ വളച്ചൊടിക്കുകയാണ്.''

ഇതേകാര്യം ലേഖനത്തിന്റെ അവസാനഭാഗത്ത് അച്ചൻകുഞ്ഞ് ആവർത്തിക്കുന്നുമുണ്ട്. അതുകൊണ്ട് ചോദിക്കട്ടെ: പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് ഒരു നൂറ്റാണ്ടിൽ അധികം പഴക്കമുണ്ടെന്ന് ആരാണ് പറഞ്ഞത്? പെടാപ്പാടുപെട്ട് ആരാണ് ചരിത്രത്തെ വളച്ചൊടിക്കുന്നത്?

ഈ ചോദ്യത്തിന് അച്ചൻകുഞ്ഞ് മറുപടി പറയുമെന്ന് തോന്നുന്നില്ല. ഈ ചോദ്യത്തിനെന്നല്ല, അച്ചൻകുഞ്ഞ് പതിവായി എഴുന്നെള്ളിക്കുന്ന വിവിധതരം വിഡ്ഢിത്തങ്ങളേക്കുറിച്ച് വിശദീകരണം ചോദിച്ചാൽ മറുപടിയേ കിട്ടുകയില്ല. വായിൽ തോന്നിയത് കോതയ്ക്കു പാട്ട് എന്നതാണല്ലോ അച്ചൻകുഞ്ഞിന്റെ മുദ്രാവാക്യം.

മുക്തിമിഷനിലുണ്ടായ ഉണർവ്വ് ചരിത്രസത്യമാണെന്ന് തെളിയിക്കാൻ അച്ചൻകുഞ്ഞ് ഏറെ ബുദ്ധിമുട്ടുന്നതായി കാണുന്നു. എന്തിനാണാവോ ഇത്ര ബുദ്ധിമുട്ടുന്നത്? മുക്തിമിഷനിൽ ഒരു നൂറ്റാണ്ടുമുൻപ് ചിലർ അന്യഭാഷ പറഞ്ഞു എന്നത് ഒരു വസ്തുതയാണ്. അത് ആരെങ്കിലും നിഷേധിച്ചതായി അറിവില്ല. അച്ചൻകുഞ്ഞ് യുദ്ധം ചെയ്യുന്നത് സ്വന്തം നിഴലിനോടാണ്.

ഇത്രയുമൊക്കെ ബുദ്ധിമുട്ടുസഹിക്കുന്ന അച്ചൻകുഞ്ഞ് ദയവായി താഴെ പറയുന്ന കാര്യങ്ങൾക്ക് തെളിവ് സംഘടിപ്പിക്കാൻ പറ്റുമോ എന്നു നോക്കുക:

1. മുക്തിമിഷനിൽ അന്യഭാഷ പറഞ്ഞവർ നടത്തിയ സുവിശേഷപ്രവർത്തനത്തിന്റെ ഫലമായാണ് ഇന്ത്യയിൽ പെന്തക്കോസ്ത് സഭകൾ ഉണ്ടായത്.
2. മുക്തിമിഷനിൽ ഉണർവ്വുണ്ടായിരുന്നില്ലെങ്കിൽ ഇന്ത്യയിൽ പെന്തക്കോസ്ത് പ്രസ്ഥാനം ഉണ്ടാകുമായിരുന്നില്ല.
3. പെന്തക്കോസ്ത് നാളിലുണ്ടായ പരിശുദ്ധാത്മ പകർച്ചയുടെ ശതാബ്ദി ആദിമ ക്രിസ്ത്യാനികൾ അത്യുഗ്രൻ ക്രൂസേഡ് നടത്തി ആഘോഷിച്ചതായി ചരിത്രമുണ്ട്.

ഈ മൂന്നു കാര്യങ്ങൾ തെളിയിക്കാൻ സാധിച്ചാൽ അച്ചൻകുഞ്ഞിനും കൂട്ടർക്കും പെന്തക്കോസ്ത് ശതാബ്ദി പൊടിപൊടിക്കാം. ബാലൻ എതിർക്കയില്ല. പക്ഷേ, ഈ കാര്യങ്ങൾക്ക് തെളിവില്ലെങ്കിൽ പെന്തക്കോസ്ത് ശതാബ്ദിയെന്ന ഈ തട്ടിപ്പിനെതിരെ റ്റി.എസ്.ബാലൻ എന്ന ഈ യുള്ളവൻ ശക്തിയായി പ്രതികരിക്കതന്നെ ചെയ്യും.

Internet: www.tsbalan.com Email: tsbalan@yahoo.com Phone: 0484-3950734. Mobile: 94474 14608

ദി ഡിഫെൻഡർ
Vol. No.8 Issue No. 15 2005 August 1

# അവിശ്വാസത്തിന്റെ കാണാപ്പുറങ്ങൾ

ഉമ്മൻ ചാണ്ടി സർക്കാർ അവിശ്വാസ പ്രമേയത്തെ അതിജീവിച്ചു. അത് പ്രതീക്ഷിച്ചിരുന്നതുതന്നെ. സർക്കാരിൽ പ്രതിപക്ഷത്തിന് അവിശ്വാസം ഉണ്ടാകുക സ്വാഭാവികം. പ്രതിപക്ഷം ഭരണപക്ഷത്തെ എതിർക്കുന്നതും വിമർശിക്കുന്നതും പുതുമയുള്ള കാര്യവുമല്ല. പക്ഷേ, അതിൽ അധികമായി പലതും ഈ അവിശ്വാസ പ്രമേയ ചർച്ചയിൽ പൊതുജനം കണ്ടു.

ഏതാനും മാസം മുൻപുവരെ ഭരണപക്ഷത്തിന്റെ ഭാഗമായിരുന്നു കെ.കരുണാകരനും കെ.മുരളീധരനും മറ്റും. അവർ ഇപ്പോൾ പ്രതിപക്ഷത്താണ്. എങ്ങനെ അവർ പ്രതിപക്ഷത്തായി എന്ന് ഏവർക്കും അറിവുള്ളതാണ്. അതുകൊണ്ടുതന്നെ അവർ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് പൊതുജനം വലിയ വിലയൊന്നും കൊടുക്കുകയുമില്ല. ഏതാനും മാസം മുൻപുവരെ ഇല്ലാതിരുന്ന കുറ്റങ്ങളും കുറവുകളും ഇപ്പോൾ എവിടെനിന്നും പൊട്ടിമുളച്ചു എന്ന് പിടികിട്ടുന്നില്ല.

ഇതിലും അത്ഭുതകരമായ മലക്കംമറിയലാണ് ജേക്കബ്ബും പിള്ളയും നടത്തിയത്. ആന്റണി സർക്കാരിൽ ഇരുവരും അംഗങ്ങളായിരുന്നു. കൂട്ടുത്തരവാദിത്വതത്ത്വം അനുസരിച്ച് ആന്റണി സർക്കാരിന്റെ വീഴ്ചകൾക്ക് ഈ മന്ത്രിമാരും ഉത്തരവാദികളാണ്. തുടർന്നുവന്ന ഉമ്മൻ ചാണ്ടി സർക്കാരിൽ ഇവരെ ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഇരുവർക്കും ഒരു അവിശ്വാസവും ഉണ്ടാകുമായിരുന്നില്ല. പക്ഷേ, ഉമ്മൻ ചാണ്ടി ഇവരെ കൈയ്യൊഴിഞ്ഞു. അതോടെ ഇവർക്ക് അവിശ്വാസവും തുടങ്ങി. ഇതിന്റെയൊക്കെ പിന്നിലെന്താണുള്ളതെന്ന് സാമാന്യ ബുദ്ധിയുള്ളവർക്കൊക്കെ മനസ്സിലാകും.

പ്രതിപക്ഷത്തിന്റെ ചുവടുമാറ്റവും അത്ഭുതപ്പെടുത്തുന്നതാണ്. കെ.കരുണാകരൻ, കെ.മുരളീധരൻ, ടി.എം.ജേക്കബ്, ആർ.ബാലകൃഷ്ണപിള്ള എന്നിവരെ പ്രതിപക്ഷം അടുത്ത കാലം വരെ നിശിതമായി വിമർശിച്ചിരുന്നു. ആശയപരമായ വിമർശനം എന്നതിൽ ഉപരി അഴിമതിയുടെ പേരിലായിരുന്നു പ്രതിപക്ഷ വിമർശനം എന്നത് എടുത്തു പറയേണ്ടതാണ്. ഇവർക്കെതിരെ പ്രതിപക്ഷം കൊടുത്ത കേസ്സുകൾ ഇപ്പോഴും വിവിധ കോടതികളിൽ നിലനിൽക്കുന്നു. പക്ഷേ, അതൊക്കെ മറക്കാൻ പ്രതിപക്ഷത്തിന് ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല. നിറം മാറ്റത്തിന്റെ കാര്യത്തിൽ ഓന്തിനേപ്പോലും പ്രതിപക്ഷം തോല്പിച്ചിരിക്കുന്നു. ഈ പ്രതിപക്ഷത്തെ ജനം എങ്ങനെ വിശ്വസിക്കും? അടുത്ത തെരഞ്ഞെടുപ്പിൽ ഇവർക്ക് എങ്ങനെ വോട്ടുചെയ്യും?

# സത്യം സത്യമായി

രമേശ് ചെന്നിത്തല കെ.പി.സി.സി. പ്രസിഡന്റ് ആയതോടെ കോൺഗ്രസ്സിന് ഒരു പുതുജീവൻ ലഭിച്ചിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. ഇപ്പോൾ എന്തെങ്കിലുമൊക്കെ നടക്കുന്നുണ്ട്. ഇനിയും നടക്കും എന്ന് ഒരു പ്രതീതിയും ഉണ്ടായിക്കഴിഞ്ഞു, നല്ലത്. ഇക്കണക്കിനു പോയാൽ കോൺഗ്രസ്സ് നന്നായേക്കും.

വീക്ഷണം വീണ്ടും പ്രസിദ്ധീകരണം ആരംഭിക്കുമെന്ന് രമേശ് ചെന്നിത്തല പറയുന്നു. ബെന്നി ബഹനാൻ മാനേജിംഗ് ഡയറക്ടറും എ.സി.ജോസ് ചീഫ് എഡിറ്ററും ആയിരിക്കും. കെ.പി.സി.സി. പ്രസിഡന്റായിരിക്കും ചെയർമാൻ. പറയുന്നത് രമേശ് ചെന്നിത്തല ആയതുകൊണ്ട് സംഗതി നടന്നേക്കും.

പത്രത്തിന് ചെയർമാൻ, മാനേജിംഗ് ഡയറക്ടർ, ചീഫ് എഡിറ്റർ തുടങ്ങിയവരൊക്കെ ഉണ്ടാകുന്നതിൽ തെറ്റൊന്നുമില്ല. പക്ഷേ, പി.ആർ.ബി. ആക്ടിൽ ഈ പറയുന്നവരൊന്നുമില്ല. അതുകൊണ്ട് ഇവരിലാർക്കും നിയമപരമായ അധികാരങ്ങളുമില്ല. പ്രിന്റർ, പബ്ലീഷർ, ഉടമസ്ഥൻ, എഡിറ്റർ എന്നിവർ മാത്രമേ പി.ആർ.ബി. ആക്ടിലുള്ളൂ. ചീഫ് എഡിറ്റർ, അസോഷ്യേറ്റ് എഡിറ്റർ, അസിസ്റ്റന്റ് എഡിറ്റർ, സബ് എഡിറ്റർ തുടങ്ങി പലതരം എഡിറ്റർമാർ ഉണ്ടെങ്കിലും എഡിറ്റർ എന്നൊരു പദവി മാത്രമേ നിയമത്തിലുള്ളൂ.

കൊടുത്താൽ കൊല്ലത്തും കിട്ടും എന്നാണല്ലോ ചൊല്ല്. ഈ ചൊല്ലിൽ പതിരില്ലെന്ന് പ്രതിപക്ഷം ഈയിടെ അനുഭവിച്ചറിഞ്ഞു. ഭരണപക്ഷത്തിൻമേൽ ഒന്നൊന്നായി അഴിമതിയാരോപണം ഉന്നയിച്ച് വിജയിച്ചു നിൽക്കുന്നതിനിടയിലാണ് പ്രതിപക്ഷത്തിന്റെ തലയിൽ ലാവ്‌ലിൻ അഴിമതിയുടെ ആകാശകോടാലി വീണത്. പ്രതിപക്ഷത്തുതന്നെയുള്ള ചിലരുടെ ഒളിയമ്പുകൾ കൂടി ആയപ്പോൾ എല്ലാം തികഞ്ഞു. ആണ്ട ബാധ കൊണ്ടേ പോകൂ എന്നു പറഞ്ഞതുപോലെ ഈ പ്രശ്നം ചിലരുടെയൊക്കെ തലയും കൊണ്ടേ പോകൂ എന്നാണ് ലക്ഷണം കണ്ടിട്ടു തോന്നുന്നത്.

ലാവ്‌ലിൻ പ്രശ്നത്തിൽ ഇടതു-വലതു മുന്നണി നേതാക്കളെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കണം എന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് ശ്രീധരൻ പിള്ള ആവശ്യപ്പെട്ടിരിക്കുന്നു. രാഷ്ട്രീയക്കാരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കിയാൽ ടെസ്റ്റ് നടത്തുന്ന യന്ത്രം തകരും എന്നതിന് സംശയമില്ല. അതുകൊണ്ട് മെഷീൻ തകരാറിലാക്കുന്ന ഈ പരിപാടി ഒഴിവാക്കുകയാണ് നല്ലത്.

വാസ്തുവിനെ പ്രീതിപ്പെടുത്തിയിട്ടും ബി.ജെ.പി.യിലെ പ്രശ്നം തീരുന്നില്ല. അദ്വാനിജിയുടെ പാകിസ്ഥാൻ യാത്ര ഇത്ര വലിയ പൊല്ലാപ്പാകുമെന്ന് ബി.ജെ.പി. സ്വപ്നം പോലും കണ്ടിരുന്നില്ല. രാഹു, കേതു, ശനി തുടങ്ങിയവരാരെങ്കിലും കോപത്തിലാണോ എന്ന് പരിശോധിക്കുന്നത് നന്നായിരിക്കും.

ജേക്കബ്ബ് വിഭാഗം നാഷണൽ കോൺഗ്രസ്സിൽ ലയിക്കാൻ തീരുമാനിച്ചിരിക്കുന്നു. ലയനം എന്ന പദം ഇതിന് ഉപയോഗിക്കാമോ എന്ന കാര്യത്തിൽ അല്പം സംശയമുണ്ടെന്ന് പറയാതെ വയ്യ. ഈ ഐക്യം അധികം കാലം നിലനിൽക്കയില്ല എന്നതുതന്നെ കാരണം. ഇപ്പോൾ നാഷണൽ കോൺഗ്രസ്സിൽ ഉള്ള പലർക്കും ഈ ലയനം അത്ര രുചിച്ചിട്ടില്ല തങ്ങളുടെ സ്ഥാനമാനങ്ങൾ പോകും എന്നതുതന്നെ കാരണം. വളരെ ബുദ്ധിമുട്ടിയാണ് ഇപ്പോൾ പ്രശ്നം പരിഹരിച്ചിരിക്കുന്നത്. നാഷണൽ കോൺഗ്രസ്സിന് എം.എൽ.എ.മാർ ഇല്ലാത്തതിനാൽ ജേക്കബ്ബിനെ പാർലമെന്ററി പാർട്ടി ലീഡർ ആക്കാൻ കഴിഞ്ഞു. വൈസ് പ്രസിഡന്റുമാർ എത്ര വേണമെങ്കിലും ആകാമല്ലോ. അതുകൊണ്ട് ജോണി നെല്ലൂരിനെ വൈസ് പ്രസിഡന്റുമാക്കി. ബാക്കിയുള്ളവർക്കും എന്തെങ്കിലുമൊക്കെ നക്കാപ്പിച്ച കിട്ടും. പക്ഷേ അടുത്ത അസംബ്ലി തെരഞ്ഞെടുപ്പ് നടക്കുമ്പോൾ സീറ്റു തർക്കം ഉറപ്പ്. അതു കഴിഞ്ഞ് മന്ത്രിക്കസേര പങ്കു വെയ്ക്കുമ്പോൾ എല്ലാവരുടേയും തനിനിറം പുറത്താകും. രണ്ടു കസേരകളിൽ അധികം ഇടതുമുന്നണി കൊടുക്കാൻ ഇടയില്ല. അവയിൽ ഒന്ന് മുരളി എടുക്കും. ഒന്ന് ജേക്കബ്ബിനും. മന്ത്രിക്കസേര സ്വപ്നം കണ്ട് ഇറങ്ങിത്തിരിച്ച എം.പി.ഗംഗാധരനേപ്പോലുള്ളവർ അടങ്ങിയിരിക്കുമോ?

നാഷണൽ കോൺഗ്രസ്സിന് ഇടതുമുന്നണിയിൽ പ്രവേശനം ലഭിച്ചാലുള്ള കഥയാണ് ഈ പറഞ്ഞതൊക്കെ. പക്ഷേ, ഇടതുപക്ഷം കൈവിട്ടാലോ? അധോഗതിതന്നെ. പിന്നെ എന്തു നടക്കുമെന്ന് കണ്ടുതന്നെ അറിയണം.

ബാലകൃഷ്ണപിള്ളയുടെ കാര്യം പരമ ദയനീയമാണെന്ന് പറയാതെവയ്യ. ഒരു അരിശത്തിന് കിണറ്റിൽ ചാടിയാൽ ഏഴ് അരിശം വന്നാലും കയറാൻ പറ്റില്ല എന്ന് പിള്ള സ്വന്തം അനുഭവത്തിൽ നിന്നും പഠിച്ചുകാണും. പാർലമെന്റ് തെരഞ്ഞെടുപ്പിൽ കളിച്ച കളി തിരിച്ചടിച്ചു. അങ്ങനെ മന്ത്രിസ്ഥാനം പോയി. വഴക്ക് മൂത്ത് മുന്നണി വിട്ടു. ഇടതുപക്ഷം രണ്ടു കൈയും നീട്ടി സ്വീകരിക്കുമെന്നായിരുന്നു പ്രതീക്ഷ. അതുണ്ടായില്ലെന്നു മാത്രമല്ല സ്വന്തം പാർട്ടിയുടെ നിലനിൽപ്പുതന്നെ അവതാളത്തിൽ ആകുമെന്ന സ്ഥിതിയും വന്നു. ഒടുവിൽ, മോരില്ലേൽ ശകലം ഉണ്ടോക്കാം എന്ന പരുവത്തിൽ നിൽക്കയാണ്. പക്ഷേ കോൺഗ്രസ്സിലുള്ള ചിലർ അതിന് സമ്മതിക്കുമെന്ന് തോന്നുന്നില്ല. സന്യാസം അല്ലാതെ മറ്റൊരു പോംവഴിയും പിള്ളയുടെ മുൻപിൽ ഇല്ലെന്നു പറയാം.

കബീർ മാഷ് പറഞ്ഞത് തെറ്റാണെന്ന് ഈ ഭൂമിമലയാളത്തിൽ ആരെങ്കിലും പറയുമോ? കോൺഗ്രസ്സ് (എസ്സ്.) എന്നൊക്കെ ഗംഭീരമായി പറയാമെങ്കിലും ആകെ മൊത്തം ടോട്ടൽ എത്ര അംഗങ്ങൾ ഈ പാർട്ടിയിലുണ്ട്? ആരെങ്കിലും ഈ പാർട്ടിയിൽ പുതിയതായി ചേരുന്നുണ്ടോ? ഈ കണക്കിനു പോയാൽ എന്താകും സ്ഥിതി? ഇങ്ങനെയൊരു പാർട്ടിക്ക് എന്തു പ്രസക്തി? അതുകൊണ്ട് കബീർ മാഷ് ഒരു തീരുമാനം എടുത്തു: ഈ പാർട്ടിയുമായുള്ള ഒരു ബന്ധവും ഇനി വേണ്ട. അടുത്ത സ്റ്റെപ്പ് പിന്നാലെ എടുക്കാം.

കോൺഗ്രസ്സ് വികാരമുള്ളവരൊക്കെ പാർട്ടിയിലേക്ക് തിരിച്ചു വരണം എന്ന് ഉമ്മൻ ചാണ്ടി ആഹ്വാനം ചെയ്തിരിക്കുന്നു. അച്ഛനേയും മകനേയും മേല്പടി വികാരക്കാരുടെ പട്ടികയിൽ ഉമ്മൻ ചാണ്ടി ഉൾപ്പെടുത്തിയിട്ടില്ലെന്ന് കരുതാം. ഏതായാലും ഈ ആഹ്വാനം നടത്തി നാക്ക് വായിൽ ഇടുന്നതിനുമുൻപ് കബീർ മാഷ് വികാരപ്രകടനം നടത്തിയിരിക്കുന്നു. ബാലകൃഷ്ണപിള്ളയ്ക്ക് കോൺഗ്രസ്സ് വികാരം ഈയിടെയായി കലശലാണെങ്കിലും അതുകൊണ്ട് വലിയ പ്രയോജനം ഉണ്ടാകുന്ന മട്ടില്ല. പക്ഷേ, ഗണേശന് വികാരമുണ്ടെങ്കിൽ പരിഗണിക്കാം എന്ന നിലപാടാണ് കോൺഗ്രസ്സിനുള്ളതെന്ന് തോന്നുന്നു. വികാരജീവികളുടെ നല്ലകാലം എന്നല്ലാതെ എന്തു പറയാൻ.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# എ.റ്റി.എ. അംഗീകാരമുള്ള ബൈബിൾ കോളേജുകൾ

ബൈബിൾ സ്ക്കൂൾ, ബൈബിൾ കോളേജ്, സെമിനാരി തുടങ്ങിയവ കൂണുപോലെ മുളച്ചു പൊന്തുന്ന കാലമാണിത്. ഇവയിൽ നല്ലൊരു പങ്ക് യാതൊരുവിധ അംഗീകാരവും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്നവർ വെറുതെ സമയം കളയുകയാണ് എന്ന് അറിഞ്ഞിരുന്നാൽ നന്ന്.

ഇന്ത്യയിൽ എ.റ്റി.എ. അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ബൈബിൾ കോളേജുകളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് എ.റ്റി.എ. ഓഫീസുമായി ബന്ധപ്പെടുക.

Website: www.ataasia.com Email: info@ataasia.com

**ACTS Institute**
PO Box 9522,
Koramangala, 5th Block,
Bangalore, Karnataka - 560 095
Tel : 080-2852 0273

**AG Tamilnadu Bible College**
P.O.Box 1, Madurai,
Tamil Nadu - 625 016
Tel : 0452-2601940

**Agape College**
Box 57, Padumpukhuri, Dimapur,
Nagaland - 797 112
Tel: 03862-225080

**Anderson Theological College**
Aizuto, P O Akuluto,
Nagaland - 798 619

**Asia Evangelical College & Seminary**
P.O.Box 8454, St. Thomas Town,
Kacharakanahalli,
Bangalore - 560 084
Tel: 080-2544 3146

**Asian College of Cultural Studies**
Logos Bhavan, Medchal Road,
Jeedimetla Village, Secunderabad
Andhra Pradesh - 500 055
Tel: 040-2786 8307

**Asian Institute of Theology**
P O Box 9529, 54 MIG KHB
Colony 5th Block, Koramangala,
Bangalore - 560 095
Tel: 080-25531 154

**Beersheba Theological College**
Shanti Nagar, Pachmarhi Road,
Piparia, Hoshangabad,
Madhya Pradesh - 461 775
Tel: 07576-294446

**Bethel Bible College**
Punalur, Kerala - 691 305
Tel: 04290 343879

**Bethel Bible Institute**
Danishpet, Salem Dt.,
Tamilnadu - 636 354
Tel: 0429-0343 879

**Bethel Faith Sparkling Bible College**
310 Marudamalai Road,
P.N. Pudur P. O
Coimbatore, Tamil Nadu - 641 041
Tel: 0422-422 831

**Beersheba Theological College**
P O Box, Water Works Road,
Pathankot, 145001, Punjab
Tel: 0186-222 0005

**Brethren Bible Institute**
P.O. Box 46, Pathanamthitta P.O.
Kerala State - 689 645
Tel: 0473-3224 045

**Buntain Theological College**
125 Park Street,
Kolkata, WB - 700 017
Tel: 033-2229 0889

**Calcutta Bible College**
31 B. B Ganguly Street,
Kolkata, West Bengal - 700 012
Tel: 033-2236 2747

**Calcutta Bible Seminary**
Don Nagar, Ganga Nagar P O
24 Parganas, N Kolkata,
West Bengal - 746 250
Tel: 033-2551 2262

**Chil Chil Theological Seminary**
Kanglatongbi, Manipur - 795151
Tel: 0385-66279

**COTR Theological Seminary**
Dhora Thota, P.O. Box 3
Bheemunipatnam Post,
Andhra Pradesh - 531 163
Tel: 08933-299 056

**Discipleship Bible College**
P.O. Box 36, Mt. Miracles,
Signal Angami Village, Dimapur
Nagaland - 797 112
Tel: 03862-245 069

**Doulos Bible Institute**
Mavis Dunn Road, Mawkhar,
Shilong - Meghalaya - 793 001
Tel: 0364-242 752

**Eastern Bible College**
Bank Colony, P.O. Box 29,
Dimapur, Nagaland - 797 112
Tel: 03862 232725

**Ebenezer Bible College**
Puzhikol, Kaduthuruthy P.O.
Kerala - 686604
Tel: 0482-638694

**Evangelical College of Theology**
Post Box 34, Churachandpur,
Manipur - 795126
Tel: 0294-243 1287

**Filadelfia Bible College**
Church Road, Sanjay Park,
Udaipur, Rajasthan - 313 00

**GFA Biblical Seminary**
Post Box 8, Kuttapuzha, P O
Tituvalla, Kerala 689103
Tel: 0473-2602 509

**Goodnews Mission Bible College**
38/1 Main Road, Perumalpuram
Tirunelveli, Tamil Nadu - 627 007
Tel: 0462-530 090

**Grace Bible College**
P.O. Box 44, New Lamka,
Manipur - 795 128
Tel: 03874-235 487

**Hindustan Bible College**
86-89 Medavakkam Tank Road,
Kilpauk, Chennai - 600 010
Tel: 044-26421 199

**India Bible College**
Hebron, Kumbanad,
Kerala - 682 021
Tel: 0473-664 075

**India Christian Bible College**
Thengode, Cochin,
Kerala - 682 021
Tel: 0484-422 492

**India Full Gospel Bible College**
Moraiah Square, Anderson Post,
KGF, Karnataka, 563 113
Tel: 08253-61203

**Indian Theological Seminary**
3 College Road,Poompozhil Nagar
Avadi, Chennai - 600 062
Tel: 044-2638 4823

**Jehova Nissi Theological Institute**
Ananthan Nagar, Asaripallam P O
Nagercoil, T. N. - 629201
Tel: 04652-233185

**Jubilee Memorial Bible College**
31 Aerikkarai Street,
Urappakkam P. O,
Chengalpet, Tamil Nadu - 603 202
Tel: 04114-67506

**Kerala Christian Bible College**
Mission Hill, Ayur, Quilon,
Kerala - 691 533
Tel: 0475-292179

**New Theological College (NTC)**
Kulhan, Dehra Dun, UA - 248 001
Tel: 0135-2607 260

**Madras Theological Seminary & College**
13-14 Waddels Road, Kilpauk,
Chennai - 600 010
Tel: 044-6412 297

**Maharashtra Bible College**
Nargaon, via Bodwad, Jalgaon Dt.,
Maharashtra - 425 310
Tel: 02582-275228

**Maranatha Bible Training Institute & College**
254 Kilpauk Garden Road, Chennai
Tamil Nadu - 600 010
Tel: 044-644 2226

**New India Bible Seminary**
P.O. Box 2, Pallickachirakavala,
Kottayam, Kerala - 686 537
Tel: 0481-443 433

**New Life Biblical Seminary**
Cheruvakal P. O., Ayoor,
Kerala - 691 533
Tel: 0474-2492 109

**Nichols-Roy Bible College**
Qualapatty, Shilong,
Maghalaya 793 021
Tel: 9364-2243 043

**Peniel Bible Seminary and Missionary Training Centre**
Keezhillam - 683 541
Ernakulam (Dist) Kerala
Tel: 0484-653070

**Presbyterian Theological Seminary**
51-C Rajpur Road, Dehra Dun,
Uttaranchal - 248 001
Tel: 0135-265-8417

**Rajastan Bible Institute**
Ajmer Road, Mubarak Bagh Jaipur,
Rajasthan - 302 006
Tel: 0141-223 597

**Reformation Bible School**
P O Box 161,
Dimapur - 797112, Nagaland
Tel: 03862-28891

**SAIACS,**
P.O. Box 7747
Kothanur, Bangalore - 560 077
Tel: 080-2846 5235

**Servanthood Bible College**
Chumukedima, Nagaland - 797 103
Tel: 0386-240251

**Shalom Bible Seminary**
P O Box 177, Mission Compound,
Kohima, Nagaland - 797 128
Tel: 0370-2228 706

**Sielmat Bible College**
Box 3, Churachandpur
Manipur - 795 128
Tel: 03874-233 643

**Soul Winning Mission Theological Seminary**
Puthenkada, Parassala,
Trivandrum Dt., Kerala - 695 502
Tel: 0471-202306

**Soul Winners Bible Seminary**
P.O. Box 3463, Annanagar
Chennai,Tamil Nadu 600 040
Tel: 044-621 1967

**South India Biblical Seminary**
P.O. Box 20, Anandagiri,
Bangarapet, Karnataka - 563 114
Tel: 08153-55203

**Southern Asia Bible College**
Kothanur Post Office,
Bangalore, Karnataka - 560 077
Tel: 080-28465 431

**TAFTEE,**
P O Box 520, 28 Netaji Road,
Banglore, Karnataka - 560 052
Tel: 080-25486 454

**Trinity Christian College**
P O Box 6, Banjara Hills P.O.,
Hyderabad, AP - 500 034
Tel: 040-2354 3944

**Trivandrum Bible College**
P.O. Box 3505, Sreekariyam P.O.
Tiruvanandapuram, Kerala- 695 017
Tel: 0471-596764

**Trulock Theological Seminary**
Chuech Road, Box 25, Imphal
Manipur - 795 001
Tel: 0385-320324

**Union Biblical Seminary**
Post Box 1425, Bibvewadi, Pune
Maharashtra - 411 037
Tel: 020-24211 203

**Witter Bible College**
Vankhosung P.O., Wokha,
Nagaland - 797 111
Tel: 03860-204 053

# പെന്തക്കോസ്ത് നേതാക്കൻമാർക്ക് എന്തുപറ്റി?

പെന്തക്കോസ്ത് നേതാക്കൻമാർക്ക് എന്തുപറ്റി? എന്തോ പറ്റിയെന്ന് തീർച്ച. അതെന്താണ്? ആത്മീയ തിമിരം ബാധിച്ചു എന്നാണ് ഡിഫെൻഡറിന് തോന്നുന്നത്. വിശദീകരിക്കാം.

അൻപതു വർഷം മുൻപ് പെന്തക്കോസ്ത് നേതാക്കൻമാരുടെ മുഖ്യ ജോലി എന്തായിരുന്നു? വ്യഭിചാരം? അല്ല. സുവിശേഷത്തിന്റെ പേരുപറഞ്ഞ് പണം തട്ടുക? അതുമല്ല. പിന്നെന്തായിരുന്നു? സുവിശേഷഘോഷണം. ദുരുപദേശങ്ങൾക്കെതിരേയുള്ള പോരാട്ടം. ആരാധന. പ്രാർഥന. പരസ്യയോഗം. അങ്ങനെയുള്ള ആത്മീയ കാര്യങ്ങൾ മാത്രം. പട്ടിണി, പ്രതികൂലം, പീഡ തുടങ്ങിയതൊന്നും പ്രശ്നമല്ല.

ഇന്നോ? പ്രധാന തൊഴിൽ വ്യഭിചാരം. ബാക്കിയുള്ള സമയം ധനസമ്പാദനത്തിന്. കൺവെൻഷൻ സീസണിൽ ഈ കലാപരിപാടികളൊക്കെ ഇന്ത്യയിൽ നടത്തും. മഴക്കാലമാകുമ്പോൾ വിദേശത്തേക്ക് ചേക്കേറും. പരസ്യയോഗത്തിന് ഒരു പെന്തക്കോസ്ത് നേതാവും അടുത്തകാലത്തൊന്നും പ്രസംഗിച്ചതായി അറിവില്ല. ചെറിയ കൺവെൻഷനുകളിൽ പ്രസംഗിക്കാനും നേതാക്കൻമാർ വരില്ല.

ദുരുപദേശങ്ങൾക്കെതിരെ പോരാടുക എന്നത് ദൈവസഭയുടെ പ്രധാന ശുശ്രൂഷകളിൽ ഒന്നാണ്. പുതിയനിയമത്തിലെ ലേഖനങ്ങളിൽ ഭൂരിപക്ഷവും ദുരുപദേശങ്ങൾക്കെതിരെ എഴുതിയവയുമാണ്. പെന്തക്കോസ്ത് പ്രസ്ഥാനത്തിൻെറ ആദ്യ നാളുകളിൽ ഇതുതന്നെ ചെയ്തിരുന്നു. സംശയമുള്ളവർ പാസ്റ്റർ കെ.ഇ. ഏബ്രഹാമിൻെറ ആത്മകഥ വായിച്ചു നോക്കുക. കെ.ഇ.ഏബ്രഹാം എഴുതിയ മഹതിയാം ബാബിലോൺ, പരിശുദ്ധാത്മസ്നാനം തുടങ്ങിയ പുസ്തകങ്ങളും ദുരുപദേശങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൻെറ ഭാഗമായിരുന്നു. പാസ്റ്റർ റ്റി.ജി.ഉമ്മൻ സിലോൺ പെന്തക്കോസ്ത് മിഷനെതിരെവരെ പുസ്തകമിറക്കി.

അക്കാലത്ത് ഇറങ്ങിയ പെന്തക്കോസ്ത് മാസികകളും ഈ വിധത്തിലുള്ളതായിരുന്നു. പ്രധാന ലേഖനങ്ങളെല്ലാം ദുരുപദേശങ്ങൾക്കെതിരെയുള്ളവയായിരുന്നു. പക്ഷേ, ഇന്നത്തെ സ്ഥിതി തികച്ചും പരിതാപകരമാണ്. ആട്ടിൻ കാഷ്ഠവും കൂർക്കയും തിരിച്ചറിയാത്ത കുറെ നേതാക്കൻമാരാണ് പെന്തക്കോസ്തിനെ നയിക്കുന്നത്. വിവരമെന്നത് അയലത്തുകൂടിപ്പോലും പോയിട്ടില്ല. അതുകൊണ്ട് ദുരുപദേശങ്ങൾ അരങ്ങടക്കി വാഴുന്നു. മറുപടി പറയാൻ കഴിയാതെ വിശ്വാസികൾ കുഴയുന്നു. യുദ്ധത്തിന് നേതൃത്വം കൊടുക്കേണ്ടവർ ഡോളറിനും കസേരക്കും പിന്നാലെ നെട്ടോട്ടമോടുന്നു.

എന്നാൽ ഈ ദുരുപദേശങ്ങൾക്കെതിരെ ഡിഫെൻഡർ എന്തെങ്കിലും ചെയ്യാമെന്നു വെച്ചാലോ? ഫലമില്ല. കാരണം, മഹാപാപിയായ റ്റി.എസ്.ബാലൻെറ പത്രം വായിച്ചാൽ നരകത്തിൽ പോകുമെന്നാണ് ഈ നേതാക്കൻമാർ വിശ്വാസികളെ പറഞ്ഞ് ധരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഡിഫെൻഡർ വായിക്കാൻ സാധാരണക്കാരായ വിശ്വാസികൾ ഭയപ്പെടുന്നു.

നമ്മുടെ ബൈബിൾ കോളേജുകളും ഈ വിഷയത്തിൽ തെറ്റ് ചെയ്യുന്നുണ്ട്. സത്യോപദേശ സംരക്ഷണത്തിന് ആവശ്യമായ അറിവ് വിദ്യാർത്ഥികൾക്ക് നൽകുന്നതിന് ഭൂരിപക്ഷം ബൈബിൾ കോളേജുകളും ശ്രദ്ധിക്കുന്നില്ല. ഇത്തരം വിഷയങ്ങൾ പഠിപ്പിക്കാൻ ആവശ്യമായ അറിവ് അദ്ധ്യാപകർക്കുമില്ല. അതു കൊണ്ട് സത്യോപദേശവും വ്യാജോപദേശവും തമ്മിൽ തിരിച്ചറിയാൻ കഴിയാത്തവരായാണ് ഡിഗ്രിയുമായി പുറത്തു വരുന്നത്.

ഒരുപക്ഷേ, ഡിഫെൻഡർ അതിശയോക്തി പറയുകയാണെന്ന് ചിലരെങ്കിലും സംശയിച്ചേക്കാം. അതുകൊണ്ട് ഈ പ്രശ്നം ഒന്നു പരീക്ഷണവിധേയമാക്കുകയാണ് നല്ലത്.

ദൈവവചനവുമായി ബന്ധപ്പെട്ട എന്തെങ്കിലും വിഷയത്തേക്കുറിച്ച് ഇവരോട് സംശയം ചോദിക്കുക. പത്തു ചോദ്യം ചോദിച്ചാൽ അഞ്ചെണ്ണത്തിനുപോലും മറുപടി കിട്ടുകയില്ല. ഇത്തരം കാര്യങ്ങളൊന്നും ഇവർ പഠിക്കുന്നില്ല. ഇവരെ പഠിപ്പിച്ചവർക്കും ഇതൊന്നും അറിഞ്ഞുകൂടാ.

പെന്തക്കോസ്ത് കൺവെൻഷനുകൾ, ഉപവാസ പ്രാർത്ഥനകൾ, സഭായോഗങ്ങൾ തുടങ്ങിയവയിലും ദൈവവചനം വേണ്ടവിധത്തിൽ പ്രസംഗിക്കപ്പെടുന്നില്ല. ഇതാ വരുന്നൂ അനുഗ്രഹം എന്നതാണ് ഇക്കാലത്തെ പ്രസംഗങ്ങളുടെ മുഖ്യ സന്ദേശം. ഒരു ബൻസുകാർ ലഭിക്കാനായി പ്രാർത്ഥിച്ചാൽ ഒരു മാരുതിക്കാറെങ്കിലും നമ്മുടെ ദൈവം തരും എന്ന് ഈയിടെ ഒരു വലിയ പ്രസംഗകൻ തട്ടിവിട്ടതായി അറിയാം. വിശ്വാസികൾക്ക് ഭൗതിക അനുഗ്രഹങ്ങൾ വാരിക്കോരി കൊടുക്കുന്ന ഒരു ദൈവത്തേയാണ് ഇന്നത്തെ ശുശ്രൂഷകർ ജനത്തിന് പരിചയപ്പെടുത്തുന്നത്.

പെന്തക്കോസ്ത് നേതാക്കൻമാർ ആത്മീയമായി തകർന്നിരിക്കയാണ്. ദൈവവുമായി കാര്യമായ ബന്ധമൊന്നും ഈ നേതാക്കൻമാർക്കില്ല. വേണ്ടതിലധികം പണം കൈവശം വന്നുചേർന്നതോടെ അവർ ദൈവത്തെ മറന്നു. ദൈവവചനം മറന്നു. ഈ ലോകസുഖങ്ങൾക്കായി അവർ നെട്ടോട്ടമോടുകയാണ്. കസേരകൾക്കായി തെരുവുനായ്ക്കളേപ്പോലെ ഇവർ കടിപിടി കൂട്ടുകയാണ്.

ഉപവസിക്കുന്ന പെന്തക്കോസ്ത് നേതാക്കൻമാർ എത്ര പേരുണ്ട്? സത്യോപദേശം പഠിപ്പിക്കാനായി ലേഖനങ്ങളോ പുസ്തകങ്ങളോ ഇവർ എഴുതാറുണ്ടോ? ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, വിശുദ്ധ ചിരി, വിശുദ്ധ കുര, ഛർദ്ദിപ്പിക്കൽ ശുശ്രൂഷ തുടങ്ങി പലതും ഇന്ന് പെന്തക്കോസ്തിൽ അരങ്ങടക്കി വാഴുകയാണ്. ഇവ ദൈവീകമോ സാത്താന്യമോ എന്ന് അറിയാതെ സാധാരണക്കാരായ വിശ്വാസികൾ കുഴയുകയാണ്. ഈ പ്രശ്നത്തേപ്പറ്റി തിരുവചന വെളിച്ചത്തിൽ പഠനം നടത്താനോ വിശ്വാസികളെ പ്രബോധിപ്പിക്കാനോ പെന്തക്കോസ്ത് നേതാക്കൻമാർക്ക് കഴിയുന്നുണ്ടോ? ഇല്ലെന്ന് വ്യക്തം. കാരണമെന്ത്? ഇവർക്ക് ദൈവവുമായി ബന്ധമൊന്നുമില്ല. ഇവരെ നയിക്കുന്നത് ദൈവാത്മാവുമല്ല.

ടി.എസ്.ഏബ്രഹാം, ടി.ജി.കോശി, ടി.പി.ഏബ്രഹാം തുടങ്ങിയവരൊക്കെ സംഘടനയുടെ നേതാക്കൻമാരാണ്. പെന്തക്കോസ്ത് സമുദായത്തിന്റെ നേതാക്കൻമാർ. വെള്ളാപ്പള്ളി നടേശനും നാരായണപ്പണിക്കരും ഒക്കെപ്പോലെ ഇവരും സമുദായത്തിന് നേതൃത്വം കൊടുക്കുന്നു. ഇവരുടെ സമുദായത്തിൽ അംഗസംഖ്യ കുറവാണെന്ന വ്യത്യാസം മാത്രമേയുള്ളൂ. സമുദായ നേതാക്കൻമാർക്ക് അർഹതയുള്ളത്ര ബഹുമാനമേ ഈ പെന്തക്കോസ്ത് നേതാക്കൻമാർക്ക് നൽകേണ്ടതുള്ളൂ. ഇവരെ ദൈവദാസൻമാരായി പരിഗണിക്കാൻ പാടില്ല. ഇവർ സാത്താന്റെ ദാസൻമാർ മാത്രമാണ്.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** നിരീശ്വരവാദിയായിരുന്ന കാലത്ത് റ്റി.എസ്.ബാലൻ നാട്ടുകാർക്ക് തലവേദനയായിരുന്നു. രക്ഷിക്കപ്പെട്ടശേഷം ദൈവത്തിനും ദൈവമക്കൾക്കും തലവേദനയായി. ഇതല്ലേ സത്യം?

അച്ചൻകുഞ്ഞ് ഇലന്തൂർ

■ റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ പലർക്കും തലവേദനയാണെന്നത് ശരിതന്നെ. പക്ഷേ അതിന് തക്കതായ കാരണമുണ്ട്. വിശദീകരിക്കാം.

ചെറുപ്പകാലത്ത് ഞാൻ തികഞ്ഞ ഹിന്ദുമത ഭക്തനായിരുന്നു. എന്നാൽ ചിന്തിക്കാൻ പ്രായമായപ്പോൾ എനിക്ക് ഹിന്ദുമതത്തിലും ഹൈന്ദവ ദൈവങ്ങളിലും വിശ്വാസം നഷ്ടപ്പെട്ടു. മറ്റൊരു ദൈവത്തെ അറിഞ്ഞുകൂടാത്തതുകൊണ്ട് ദൈവമില്ല എന്ന് വിശ്വസിക്കാൻ തുടങ്ങി. പരിണാമസിദ്ധാന്തവും മറ്റും പഠിച്ചപ്പോൾ ഞാൻ നിരീശ്വര വാദത്തിൽ ഉറച്ചു. എങ്കിലും ദൈവമുണ്ടോ എന്ന് അറിയാനായി ഞാൻ അന്വേഷണം തുടരുകയും ചെയ്തു.

ദൈവത്തിൽ വിശ്വസിക്കുന്നവരുമായി ഞാൻ സംസാരിക്കുക പതിവായിരുന്നു. എല്ലാം അറിയാം എന്ന ഭാവത്തിലാണ് മിക്കവരും സംസാരിച്ചത്. പക്ഷേ എന്റെ ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ ഇവരിൽ ആർക്കും കഴിഞ്ഞതുമില്ല. സർവ്വജ്ഞൻമാരായി ഭാവിച്ചു നടന്ന ഈ വിദ്വാൻമാർക്കു മാത്രമേ എന്നേക്കൊണ്ട് തലവേദനയുണ്ടായുള്ളൂ. സാധാരണക്കാരായ നാട്ടുകാർക്ക് ഞാൻ ഒരുവിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാക്കിയില്ല. ഇത് പഴയ കഥ.

1975 മാർച്ച് 10ന് ഞാൻ വിശ്വാസസ്നാനം സ്വീകരിച്ചു. അതിനുശേഷം ചില പെന്തക്കോസ്ത് നേതാക്കൻമാർക്കും പെന്തക്കോസ്തിലെ ചില കള്ളൻമാർക്കും എന്നേക്കൊണ്ട് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. ഇപ്പോഴും ഉണ്ടാകുന്നുമുണ്ട്. പക്ഷേ, ദൈവവചന പ്രകാരം ജീവിക്കുന്ന ദൈവദാസൻമാർക്കോ സാധാരണക്കാരായ വിശ്വാസികൾക്കോ എന്നേക്കൊണ്ട് ഒരുവിധത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. ഉണ്ടാകുകയുമില്ല.

ആർക്കൊക്കെയാണ് എന്നേക്കൊണ്ട് തലവേദനയുണ്ടായത്? ഞാൻ ദൈവത്തിന് തലവേദനയാണെന്ന് അച്ചൻകുഞ്ഞ് പറയുന്നു. ഞാൻ ദൈവത്തിന് തലവേദനയാണെന്ന് അച്ചൻകുഞ്ഞ് കണ്ടുപിടിച്ചതെങ്ങനെയാണെന്ന് അറിഞ്ഞുകൂടാ. ദൈവം അച്ചൻകുഞ്ഞിനോട് എന്നേക്കുറിച്ച് എപ്പോഴെങ്കിലും പരാതി പറഞ്ഞിരിക്കുമോ?

ചില മനുഷ്യർക്ക് ഞാൻ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. ടി.എസ്.ഏബ്രഹാം തന്നെ നല്ല ഉദാഹരണം. വ്യഭിചാരവും തട്ടിപ്പും തൊഴിലാക്കിയ ടി.എസ്.ഏബ്രഹാമിന് ഞാൻ തലവേദനയാകുന്നതിൽ അത്ഭുതമില്ല. ഇത്തരക്കാരെ എതിർക്കുന്നില്ലെങ്കിൽ ജീവിച്ചിരിക്കുന്നതെന്തിന്?

കെ.സി.ജോണിനും ഞാൻ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഒന്നാംതരം വ്യഭിചാരിയാണ് ഈ മഹാൻ. തട്ടിപ്പിന്റെ കാര്യം പറയുകയും വേണ്ട. സ്വന്തം അമ്മായിയമ്മയുമായി വരെ അവിഹിത ബന്ധം പുലർത്തിയിരുന്ന ഈ പരമ നീചനെ എതിർക്കാതിരിക്കാൻ ഈയുള്ളവന് ആവില്ല.

പരിശുദ്ധാത്മാവിനെ വിറ്റ ജെ.സി.ദേവിനേയും ഞാൻ നിഷ്ക്കരുണം വിമർശിച്ചിട്ടുണ്ട്. ദേവിനേപ്പോലൊരു കള്ളന് ഞാൻ തലവേദനയാണെങ്കിൽ അതിൽ എനിക്ക് അഭിമാനമുണ്ട്.

വ്യഭിചാരം, തട്ടിപ്പ്, വ്യാജരോഗശാന്തി തുടങ്ങിയവയുമായി ഊരുചുറ്റുന്ന സുരേഷ് ബാബുവിനെ ഞാൻ സ്ഥിരമായി എതിർത്തുവരുന്നു. ഈ നീചനെ സ്റ്റേജിൽ നിന്ന് ഇറക്കിയിട്ടേ ഞാൻ അടങ്ങൂ.

സ്വന്തം മകളെ ഭാര്യയായി വെച്ചുകൊണ്ടിരിക്കുന്ന കുഞ്ഞൂട്ടിയേയും ഞാൻ എതിർക്കുന്നു. അത് തെറ്റാണെങ്കിൽ ആ തെറ്റ് ഞാൻ തുടർന്നും ചെയ്യും. സഭയുടെ സ്വത്തുക്കൾ തട്ടിയെടുത്ത ടി.ജി.കോശി, ടി.പി.ഏബ്രഹാം തുടങ്ങിയവർക്കും ഞാൻ തലവേദനയാണ്.

ഐ.പി.സിയിലെ വിശ്വാസിയും ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗവുമായ അച്ചൻകുഞ്ഞ് ഐ.പി.സി.യുടെ വിശ്വാസപ്രമാണങ്ങളിൽ വിശ്വസിക്കുന്നില്ല. ഐ.പി.സിയുടെ വിശ്വാസങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കയും പ്രവർത്തിക്കയും ചെയ്യുന്ന അച്ചൻകുഞ്ഞ് ഇലന്തൂരിനും ഞാൻ തലവേദന സൃഷ്ടിക്കാറുണ്ട്. അത് ഒഴിവാക്കാനാവില്ല.

കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങൾ എനിക്ക് അംഗീകരിക്കാനാവില്ല. പക്ഷേ ആ കാരണത്താൽ ഞാൻ ഒരു കത്തോലിക്കനേയും വിമർശിക്കയില്ല. കാരണം, കത്തോലിക്കൻ കത്തോലിക്കാസഭയുടെ വിശ്വാസാചാരങ്ങളിൽ വിശ്വസിക്കണം. പക്ഷേ, ഞാൻ കത്തോലിക്കാസഭയുടെ നിലപാടുകളെ തിരുവചന വെളിച്ചത്തിൽ വിമർശിക്കും.

ബ്രദറൻ സഭയുടെ ചില പഠിപ്പിക്കലുകൾ എനിക്ക് സ്വീകാര്യമല്ല. അതിനെതിരെ ഞാൻ തിരുവചന വെളിച്ചത്തിൽ പ്രതികരിക്കയും ചെയ്യും. പക്ഷേ, ഈ കാരണത്താൽ ഞാൻ ജെ.സി.ദേവിനേയോ മറ്റ് ബ്രദറൻ വിശ്വാസികളേയോ വിമർശിക്കയില്ല.

ദേവ് ഒരിക്കൽ അന്യഭാഷ പറഞ്ഞിരുന്നു. അത് ഏതാത്മാവിലായിരുന്നു എന്ന് ഞാൻ പലവട്ടം ചോദിച്ചിട്ടും ദേവ് മറുപടി പറഞ്ഞിട്ടില്ല. ദൈവാത്മാവെന്നോ പിശാചെന്നോ എന്തു വേണമെങ്കിലും പറയാമായിരുന്നു. രണ്ടുംകെട്ട ഈ കള്ളനെതിരെ പ്രതികരിക്കാതിരിക്കുന്നതെങ്ങനെ?

ബെന്നി പുന്നത്തറ കത്തോലിക്കാമതം പ്രചരിപ്പിക്കുന്നു. കത്തോലിക്കാസഭയിൽ അടിയുറച്ച് വിശ്വസിക്കുന്ന വ്യക്തിയെന്ന നിലയിൽ ബെന്നി ചെയ്യുന്നത് തികച്ചും ന്യായമാണ്. അതുകൊണ്ടാണ് ഞാൻ ബെന്നിയെ ഈ കാരണം പറഞ്ഞ് വിമർശിക്കാത്തത്. പക്ഷേ, ഈ ബെന്നിയെ രക്ഷിക്കപ്പെട്ടവനായി കണക്കാക്കുകയും ബെന്നിയേക്കൊണ്ട് മരുപ്പച്ചയിൽ ലേഖനം എഴുതിക്കയും ചെയ്യുന്ന അച്ചൻകുഞ്ഞ് ഇലന്തൂരെന്ന ഐ.പി.സിക്കാരനെ വെറുതെ വിടാൻ ഞാൻ തയ്യാറല്ല.

തക്ക കാരണം കൂടാതെ ഞാൻ ആരെയെങ്കിലും വിമർശിച്ചതായി തെളിയിക്കാമോ? ഏതെങ്കിലും സാധുവിനെ ഞാൻ അവഹേളിച്ചതായി ചൂണ്ടിക്കാട്ടാമോ? വൈരാഗ്യം തീർക്കാൻ ഞാൻ ഡിഫെൻഡറിനെ ആയുധമാക്കിയതായി ആർക്കെങ്കിലും തെളിയിക്കാൻ കഴിയുമോ? പറ്റില്ലെന്ന് തീർച്ച. മറ്റൊരു പോംവഴിയും കാണാതാകുമ്പോൾ മാത്രമേ ഞാൻ വ്യക്തികളെ വിമർശിക്കയുള്ളൂ. ദൈവവചനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് മാത്രമേ ഞാൻ വിമർശിക്കൂ.

അടുത്ത കാലത്തായി അച്ചൻകുഞ്ഞ് എന്നേക്കൊണ്ട് വളരെയധികം ബുദ്ധിമുട്ടുന്നുണ്ടെന്നറിയാം. പക്ഷേ, അച്ചൻകുഞ്ഞിനെ വിമർശിക്കാതിരിക്കാൻ എനിക്ക് കഴിയുന്നതല്ല. പെന്തക്കോസ്ത് വിശ്വാസിയുടെ വേഷം കെട്ടുന്നുണ്ടെങ്കിലും അച്ചൻകുഞ്ഞ് പെന്തക്കോസ്ത് വിശ്വാസമുള്ള വ്യക്തിയല്ല. ഐ.പി.സിയുടെ വിശ്വാസപ്രമാണങ്ങളിൽ വിശ്വാസമില്ലാത്ത അച്ചൻകുഞ്ഞ് ഐ.പി.സിയുടെ കൗൺസിൽ അംഗമോ പ്രാദേശിക സഭാംഗമോ ആകാൻ യോഗ്യനല്ല. അതുകൊണ്ട് അച്ചൻകുഞ്ഞ് ഐ.പി.സി.യിൽ ഉള്ളിടത്തോളം കാലം ഞാൻ അച്ചൻകുഞ്ഞിനെ വിമർശിച്ചുകൊണ്ടിരിക്കും.

# കൾട്ടുകളുടെ ലോകം

കൾട്ടുകളുടെ ലോകം വിശാലമാണ്. അതിൽ അകപ്പെട്ട് നാശത്തിലേക്കു പോകുന്നവരും ഏറെയാണ്. പക്ഷേ, ദൈവമക്കൾ ഈ പ്രശ്നത്തിന്റെ ഗൗരവം വേണ്ടവിധത്തിൽ ഗ്രഹിച്ചിട്ടില്ല എന്നത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു.

കൾട്ട് എന്ന ഇംഗ്ലീഷ് വാക്കിന് അനുയോജ്യമായ മലയാളവാക്ക് ഉള്ളതായി അറിവില്ല. അതുകൊണ്ട് ഈ വാക്ക് തർജ്ജമ ചെയ്യുന്നില്ല. കൾട്ട് എന്ന വാക്കിന് ഇംഗ്ലീഷിൽ 1. A quasi-religious group, often living in a colony, with a charismatic leader who indoctrinates members with unorthodox or extremist views, practices, or beliefs 2. devoted attachment to, or extravagant admiration for, a person, principle, or lifestyle എന്നൊക്കെയാണ് അർത്ഥം.

കൾട്ടുകളെ പ്രധാനമായി ക്രിസ്തീയ കൾട്ടുകൾ, ക്രിസ്തീയേതര കൾട്ടുകൾ എന്നിങ്ങനെ രണ്ടായി തിരിക്കാം. ബൈബിളിലും യേശുക്രിസ്തുവിലും വിശ്വസിക്കുന്നതായി അവകാശപ്പെടുന്ന കൾട്ടുകളെ ക്രിസ്ത്യൻ കൾട്ടായി കണക്കാക്കാം. യഹോവാസാക്ഷികൾ, ശാബതുകാർ, മൊർമോൺ, ക്രിസ്റ്റാഡെൽഫിയൻ, മൂണിസം, ചിൽഡ്രൺ ഓഫ് ഗോഡ്, ബെൺഹാമിസം, റ്റി.പി.എം. തുടങ്ങിയവ ഉദാഹരണങ്ങളാണ്. രജനീഷിന്റെ പ്രസ്ഥാനം ക്രൈസ്തവേതര കൾട്ടാണ്.



ചാൾസ് .റ്റി. റസ്സൽ



എല്ലൻ ജി. വൈറ്റ്

ക്രിസ്ത്യൻ കൾട്ടുകളുടെ പ്രധാന ലക്ഷണങ്ങൾ ഇനി പറയുന്നവയാണ്:

1. ശക്തമായ നേതൃത്വം.

നല്ല കരിസ്മയുള്ള ഒരു നേതാവ് എല്ലാ ക്രിസ്ത്യൻ കൾട്ടിനും ഉണ്ടായിരിക്കും. എല്ലൻ ജി. വൈറ്റ് (ശാബതുകാർ), സി.റ്റി.റസ്സൽ (യഹോവാസാക്ഷികൾ), ജോസഫ് സ്മിത്ത് (മൊർമോൺ), സൺ മിയാങ് മൂൺ (മൂണിസം), വില്ല്യം ബ്രൺഹാം (ബ്രൺഹാമിസം), ഡേ വിഡ് ബർഗ് (ചിൽഡ്രൺ ഓഫ് ഗോഡ്) പോൾ (റ്റി.പി.എം.) തുടങ്ങിയവർ ഉദാഹരണം.




2. ചോദ്യം ചെയ്യപ്പെടാനാവാത്ത നേതൃത്വം

അഭിപ്രായ സ്വാതന്ത്ര്യം കൾട്ടിൽ അനുവദിക്കുകയില്ല. നേതാവ് പറയുന്നത് ചോദ്യം ചെയ്യാതെ വിശ്വസിച്ചേ മതിയാകൂ. നേതാവ് ബൈബിളിന് കൊടുക്കുന്ന വ്യാഖ്യാനം കൾട്ടിന്റെ ഔദ്യോഗിക വ്യാഖ്യാനമാണ്.

3. രഹസ്യ സ്വഭാവം.

കൾട്ടുകൾ രഹസ്യങ്ങളുടെ കലവറയാണ്. കൾട്ടിലെ സാധാരണ അംഗങ്ങൾക്കുപോലും സംഘടനയുടെ ഉള്ളുകളളികൾ അജ്ഞാതമായിരിക്കും. നേതൃത്വം നൽകുന്ന ഉത്തരവുകൾ അതേപടി അനുസരിക്കുക മാത്രമാണ് അവർക്ക് ചെയ്യാൻ കഴിയുന്നത്.



ജോസഫ് സ്മിത്ത്

4. ത്രിത്വനിഷേധം.

ഭൂരിപക്ഷം ക്രിസ്ത്യൻ കൾട്ടുകളും ത്രിത്വത്തിൽ വിശ്വസിക്കുന്നില്ല. ബ്രൻഹാമിന് യേശു മാത്രമാണ് ദൈവം. യഹോവാസാക്ഷികൾക്ക് പിതാവായ ദൈവം മാത്രമേ ദൈവമായിട്ടുള്ളൂ. ത്രിത്വം അംഗീകരിക്കുന്ന റ്റി.പി.എംന് മൽക്കീസേദേക്ക് പരിശുദ്ധാത്മാവാണ്. യേശുക്രിസ്തു മിഖായേലാണെന്ന് ശാബതുകാർ വിശ്വസിക്കുന്നു.

5. കൾട്ടിന്റെ ക്രിസ്തു ബൈബിളിലെ യേശുക്രിസ്തു ആയിരിക്കില്ല. ചില കൾട്ടുകൾക്ക് യേശു മനുഷ്യൻ മാത്രമാണ്. ചിലർക്ക് ദൈവം മാത്രവും.

6. പ്രവൃത്തിയാലുള്ള രക്ഷ.

കൃപയാൽ വിശ്വാസംമൂലം രക്ഷിക്കപ്പെടുമെന്ന് ഒരു കൾട്ടും പഠിപ്പിക്കയില്ല. പ്രവൃത്തിയാലുള്ള രക്ഷയ്ക്ക് കൾട്ടുകൾ അമിത പ്രാധാന്യം കല്പിക്കുന്നു.

7. തങ്ങൾ മാത്രമാണ് ദൈവസഭയെന്ന് എല്ലാ കൾട്ടുകളും പഠിപ്പിക്കുന്നു. യഹോവാ സാക്ഷികളാണ് യഥാർത്ഥ ദൈവസഭ



വില്ല്യം ബ്രൻഹാം

യെന്ന് ആ സംഘടന പഠിപ്പിക്കുന്നു. ശാബതുകാർക്ക് അവരുയെ സംഘടനയാണ് ദൈവസഭ. റ്റി.പി.എം. അല്ലാതെ മറ്റൊരു ദൈവസഭയുണ്ടെന്ന് റ്റി.പി.എം. അംഗീകരിക്കുകയില്ല.

8. ബൈബിളിന് പുതിയ വ്യാഖ്യാനം.

ബൈബിൾ തങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ വ്യാഖ്യാനിച്ചാണ് കൾട്ടുകൾ പിടിച്ചു നിൽക്കുന്നത്. തങ്ങളുടെ നേതാവ് ബൈബിളിനു കൊടുത്ത വ്യാഖ്യാനം അതേപടി അംഗീകരിക്കാൻ കൾട്ടിലെ അംഗങ്ങൾ ബാദ്ധ്യസ്ഥരാണ്.



**Sun Myung Moon**

9. ബൈബിൾ മാത്രമായിരിക്കില്ല ആധാരം

ബൈബിളല്ലാതെ തങ്ങൾക്ക് മറ്റൊരു ആധാരമില്ലെന്ന് എല്ലാ കൾട്ടുകളും ആണയിടുമെങ്കിലും സത്യം അതായിരിക്കില്ല. ശാബതുകാർക്ക് എല്ലൻ ജി. വൈറ്റിന്റെ പുസ്തകങ്ങൾ തള്ളിക്കളയാനാവില്ല. മൊർമോൺ സഭക്ക് മൊർമോൺ പുസ്തകം ബൈബിളുപോലെയാണ്. പോളിന്റെ പഠിപ്പിക്കലുകളാണ് റ്റി.പി.എംന്റെ ആധാരം. ബ്രൺഹാമിന്റെ പ്രസംഗങ്ങളില്ലെങ്കിൽ ബ്രൺഹാമിസം തകരും. എല്ലാ കൾട്ടുകളുടേയും സ്ഥിതി ഇതുതന്നെ.

10. കളളപ്രവചനം.

എല്ലാ കൾട്ടുകൾക്കും കളളപ്രവചനവുമായി ബന്ധമുണ്ട്. യഹോവാ സാക്ഷികൾ, ശാബതുകാർ തുടങ്ങിയവർ



ഡേവിഡ് ബർഗ്

ഉണ്ടായതുതന്നെ കളളപ്രവചനം മൂലമാണ്. ബ്രൺഹാമിന്റെ കളളപ്രവചനങ്ങളാണ് ആപ്രസ്ഥാനത്തിന്റെ അടിത്തറ.

ദൈവവചനം വളച്ചൊടിച്ച് വ്യാഖ്യാനിച്ചാണ് എല്ലാ കൾട്ടുകളും നിലനിൽക്കുന്നത്. ദൈവവചനത്തിൽ സാധാരണക്കാർക്കുളള അജ്ഞത മുതലെടുത്താണ് കൾട്ടുകൾ തങ്ങളുടെ ഉപദേശം സ്ഥാപിക്കുന്നത്. കൾട്ടുകളുടെ ദുരുപദേശങ്ങളേക്കുറിച്ച് വിശ്വാസികൾക്ക് ശരിയായ ജ്ഞാനമുണ്ടായാൽ പരിഹരിക്കാവുന്ന പ്രശ്നമേ ഇവിടെയുള്ളൂ.

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്.ബാലൻ പുറത്തിറക്കുന്ന 10 സി.ഡികളിൽ രണ്ടാമത്തേത് കൾട്ടുകളേക്കുറിച്ചുളള പഠനമാണ്. യഹോവാസാക്ഷികൾ, ശാബതുകാർ, മൊർമോൺ, ക്രിസ്റ്റാഡെൽഫിയൻ, മൂണിസം, ചിൽഡ്രൺ ഓഫ് ഗോഡ്, ബെൺ ഹാമിസം, റ്റി.പി.എം. തുടങ്ങിയ പ്രധാന കൾട്ടുകളേക്കുറിച്ചെല്ലാമുളള പഠനങ്ങൾ ഈ സി.ഡിയിൽ ഉണ്ട്. ത്രിത്വം, യേശുക്രിസ്തുവിന്റെ ദൈവത്വം, നിത്യ നരകം തുടങ്ങിയ വിഷയങ്ങളേക്കുറിച്ചും വിശദമായ പഠനങ്ങളുണ്ട്. ഏകദേശം 12 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സാണിത്. ഈ സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ച് ആവശ്യപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക്: 9447414608

# അവാർഡ് വേണോ അവാർഡ്?

മത്തി വേണോ മത്തീ എന്ന് വിളിച്ചു ചോദിച്ചുകൊണ്ട് മീൻകച്ചവടക്കാർ നടക്കുന്നതുപോലെയാണ് അവാർഡ് ദാനം തൊഴിലാക്കിയ ചില പെന്തക്കോസ്ത് പ്രസ്ഥാനക്കാരുടെ നടപ്പ്. നാലണയ്ക്ക് എട്ടു മത്തി എന്നൊക്കെ പറയുന്നതുപോലെ ഏതു പോക്കറ്റിനും ഇണങ്ങുന്ന അവാർഡുകളും റെഡി.

അവാർഡ് കിട്ടാൻ മോഹമുള്ള ഏതെങ്കിലുമൊരു വിദ്വാനെ കണ്ടെത്തുകയാണ് ആദ്യപടി. ഈ മാന്യന് തങ്ങളുടെ പ്രസ്ഥാനം ഒരു അവാർഡ് നൽകാൻ തയ്യാറാണെന്ന് അറിയിക്കും. എത്ര രൂപയുടെ അവാർഡ് വേണം എന്ന് അവാർഡ് ജേതാവിന് തീരുമാനിക്കാം.

25,000 രൂപയുടെ അവാർഡ് എന്ന് തീരുമാനമായെന്നിരിക്കട്ടെ. അത്രയും തുക അവാർഡ് ജേതാവ് അവാർഡ് നൽകുന്ന വ്യക്തിക്ക് നൽകുന്നതോടെ അവാർഡ് ദാനത്തിന്റെ ആദ്യഘട്ടം അവസാനിക്കുന്നു.

അവാർഡിന് ഒരു കലക്കൻ പേര് കണ്ടുപിടിക്കുക എന്നതാണ് അടുത്ത നടപടി. ക്രൈസ്തവരത്നം, സുഭാഷിതം തുടങ്ങി എന്തും ആകാം. ക്രൈസ്തവ ലോകത്ത് ശ്രീമാൻ ഇട്ടുണ്ണി ചെയ്ത സേവനങ്ങളെ മാനിച്ച് അദ്ദേഹത്തിന് ക്രൈസ്തവരത്നം അവാർഡ് നൽകാൻ തീരുമാനിച്ചിരിക്കുന്നു എന്ന് ഒരു പ്രഖ്യാപനം നടത്തുകയും ഈ വാർത്ത സകലമാന പത്രങ്ങൾക്കും അയച്ചു കൊടുക്കുകയുമാണ് അടുത്ത നടപടി. ചില പത്രങ്ങളൊക്കെ ഈ വാർത്ത പ്രസിദ്ധീകരിക്കയും ചെയ്യും.

അവാർഡ് വിതരണത്തിന് സ്ഥലവും തീയതിയും നിശ്ചയിക്കും. ഏതെങ്കിലും മന്ത്രിയേയോ രാഷ്ട്രീയ നേതാവിനേയോ അവാർഡ് ദാനത്തിനായി ക്ഷണിച്ചു വരുത്തും. അവാർഡ് ദാനം പൊടിപൊടിക്കയും ചെയ്യും. സമ്മേളനത്തിൽ വെച്ച് 25,000 രൂപയുടെ ചെക്ക് അടങ്ങുന്ന കവർ, പ്രശസ്തിപത്രം, ഫലകം എന്നിവ അവാർഡ് ജേതാവിന് നൽകും.

ഇത്രയുമൊക്കെ ബുദ്ധിമുട്ടി അവാർഡ് നൽകുന്നതുകൊണ്ട് അവാർഡ് കൊടുക്കുന്ന ആൾക്ക് എന്താണു ലാഭം? ന്യായമായ ചോദ്യം. ലാഭത്തിന്റെ കണക്കറിയണമെങ്കിൽ അവാർഡ് തുക അടങ്ങിയ കവർ തുറന്നു നോക്കണം. ഏതാനും കടലാസ് മാത്രമേ അതിനുള്ളിൽ ഉണ്ടാകൂ. ചെക്ക് ഉണ്ടെങ്കിൽ അത് വണ്ടിച്ചെക്ക് ആയിരിക്കുകയും ചെയ്യും. ഫലകം, പ്രശസ്തിപത്രം എന്നിവ ഉണ്ടാക്കാനുള്ള ചെലവ്, മീറ്റിംഗ് നടത്തിയതിന്റെ ചെലവ് എന്നിവ കഴിച്ച് നല്ലൊരു തുക അവാർഡ് ദാതാവിന് ലാഭം കിട്ടും. സംഗതി മോശമല്ലെന്നു ചുരുക്കം.

നാണം എന്ന വാക്കിന്റെ അർത്ഥം അറിയാവുന്ന ആരും ഇത്തരം അവാർഡ് വാങ്ങാൻ പോകില്ല. പക്ഷേ, പെന്തക്കോസ്തുകാരിൽ നല്ലൊരു പങ്കിന് ഏത് ആലിന്റെ തണലും സ്വീകാര്യമാണ്. അതുകൊണ്ട് അവാർഡ് നൽകൽ തൊഴിലാക്കിയവർക്ക് കുശാലാണ്.

കുറച്ചുകാലം മുൻപ് സാക്ഷാൽ ടി.എസ്.ഏബ്രഹാം ക്രൈസ്തവ രത്നം എന്നൊരു അവാർഡ് വാങ്ങി. സാമാന്യ ബോധമുള്ളവനൊക്കെ ഈ വാർത്ത വായിച്ച് കാറിത്തുപ്പിയിരിക്കും. ആയകാലം മുഴുവൻ വ്യഭിചരിച്ചു നടന്ന ഈ വിദ്വാന് വ്യഭിചാരരത്നം എന്നൊരു അവാർഡാണ് യഥാർത്ഥത്തിൽ കൊടുക്കേണ്ടത്.

കെ.സി.ജോണിന് അടുത്ത കാലത്തൊന്നും അവാർഡ് കിട്ടിയതായി അറിവില്ല. കായംകുളം പുരസ്ക്കാരം എന്നൊരെണ്ണം ആ മഹാന് തീർച്ചയായും കൊടുക്കണം.

ഇത്തരം അവാർഡുകളെ സംബന്ധിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കയില്ല എന്ന് പെന്തക്കോസ്ത് പത്രങ്ങൾ തീരുമാനിച്ചാൽ അവാർഡുകളുടെ വേലിയേറ്റം അവസാനിക്കും. നാലാൾ അറിയുന്നില്ലെങ്കിൽ അവാർഡ് കൊടുക്കുന്നതെന്തിന്? കിട്ടുന്നതെന്തിന്?

ഇത്തരം അവാർഡുകൾക്ക് കടിഞ്ഞാണിടാൻ വിശ്വാസികൾക്കു കഴിയും. അവാർഡ് ദാനം നടക്കുന്ന സ്ഥലത്ത് കൃത്യ സമയത്ത് എത്തുക. കഴിയുന്നത്ര മുൻപിൽ ഇരിക്കുക. അവാർഡ് ദാനം നടക്കുമ്പോൾ സർവ്വശക്തിയും സംഭരിച്ച് കൂവുക. നാലഞ്ചിടത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിച്ചാൽ അവാർഡ് ദാന വ്യവസായം നിലച്ചുകൊള്ളും.




## അഖില ലോക പൊക്കക്കാരൻ



ഏറ്റവും ഉയരമുള്ള മനുഷ്യൻ ആര് എന്ന ചോദ്യത്തിന് Radhouane Charbib of Tunisia എന്ന ഉത്തരം ഇനി പറയരുത്. കാരണം, ഈ റിക്കാഡ് ചൈനയിലെ സീഷൂൻ എന്ന 54 കാരൻ തിരുത്തിയിരിക്കുന്നു. ഏഴ് അടിയും 8.95 ഇഞ്ചുമാണ് ഇദ്ദേഹത്തിന്റെ ഉയരം. (രണ്ട് മീറ്റർ 36.1 സെ.മി.).

പതിനാറ് വയസ്സ് വരെ സീഷൂൻ സാധാരണ ഉയരം മാത്രമുള്ള വ്യക്തിയായിരുന്നു. എന്നാൽ തുടർന്നുള്ള ഏഴു വർഷം കൊണ്ട് ഉയരം ക്രമാതീതമായി വർദ്ധിച്ചു. അങ്ങനെയാണ് സീഷൂൻ ലോകത്തിലെ ഏറ്റവും ഉയരമുള്ള മനുഷ്യനായത്. കഴിഞ്ഞ ജനുവരി 15, 16 തീയതികളിൽ ഗിന്നസ് ബുക്ക് പ്രതിനിധികൾ ഇദ്ദേഹത്തിന്റെ ഉയരം പലവട്ടം അളക്കുകയും ലോകത്തിലെ ഏറ്റവും ഉയരമുള്ള മനുഷ്യൻ എന്ന സർട്ടിഫിക്കറ്റ് കൊടുക്കുകയുമായിരുന്നു. 2.72 മീറ്റർ ഉയരമുണ്ടായിരുന്ന റോബർട്ട് വാഡ്‌ലോ ആണ് ലോക ചരിത്രത്തിൽ ഏറ്റവും ഉയരമുള്ള മനുഷ്യനായി രേഖപ്പെടുത്തിയിരിക്കുന്നത്.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3950734, 9447414608

## വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ
ഫോൺ: 9447149309. സമയം: 9 AM to 9 PM.
ഞായറാഴ്ചയും പ്രവർത്തിക്കും

# സിമണിക്കഥയിൽ സത്യമുണ്ട്

ഐ.പി.സിയിലെ ചില നേതാക്കൻമാർക്ക് കൈക്കൂലി കൊടുത്ത് സൗദിയിൽ ചിലർ റീജിയൻ ഭാരവാഹികളായതുമായി ബന്ധപ്പെട്ടുണ്ടായ വിവാദത്തിൽ അല്പം കഴമ്പുണ്ടെന്ന് ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ വ്യക്തമായി. ആദ്യം ഒരു റീജിയൻ ഉണ്ടായതും പിന്നീട് എണ്ണം വർദ്ധിച്ചതും പണത്തിന്റെ ബലത്തിൽ മാത്രമാണെന്നും അറിയാൻ കഴിഞ്ഞു.

മോനി ചെന്നിത്തലയുടേതായി പ്രചരിക്കുന്ന കത്ത് അദ്ദേഹം എഴുതിയതാണോ എന്ന് വ്യക്തമല്ലെങ്കിലും അതിൽ പറയുന്ന കാര്യങ്ങൾ ഏറെക്കുറെ സത്യമാണ്. സൗദി റീജിയന്റെ പ്രസിഡന്റാകാൻ അദ്ദേഹം പണം വാരി വിതറേണ്ടതായി വന്നു. പണത്തിന്റെ ബലത്തിൽ മാത്രമാണ് മോനി ചെന്നിത്തല പ്രസിഡന്റായത്.

സൗദിയിൽ പല റീജിയൻ ഉണ്ടായതിന്റെ പിന്നിലും പണമാണ് മുഖ്യ പങ്ക് വഹിച്ചത്. പണം കൊടുത്ത് ഐ.പി.സി. നേതാക്കൻമാരെ പ്രീതിപ്പെടുത്താൻ കഴിഞ്ഞവർ റീജിയന്റെ ഭാരവാഹികളായി. സമണിയുടെ നഗ്നതാണ്ഡവമാണ് സൗദിയിൽ അരങ്ങുതകർത്തത്.

ഇത്രയധികം പണം മുടക്കി ഇവരൊക്കെ എന്തിന് റീജിയൻ ഭാരവാഹികളായി? പറയാം. ഒന്നാമതായി, റീജിയൻ ഭാരവാഹികൾ എന്ന നിലയിൽ ലഭിക്കുന്ന ബഹുമാനവും പദവിയും. ഈ പദവി ഉപയോഗിച്ച് സൗദിയിലും മറ്റ് ഗൾഫ് രാജ്യങ്ങളിലും വിലസാം. മുടക്കിയതിന്റെ നൂറിരട്ടി പണം അങ്ങനെ സ്വരൂപിക്കാം. രണ്ടാമതായി, നാട്ടിൽ ലഭിക്കുന്ന സ്ഥാനമാനങ്ങൾ. കുമ്പനാട് കൺവെൻഷനും മറ്റും റീജിയൻ ഭാരവാഹിയായി ഷൈൻ ചെയ്യാം. മൂന്നാമത്തെ കാരണമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ജോലിയും കഴിഞ്ഞ് നാട്ടിൽ എത്തിയാൽ ഒരു സെന്റർ പാസ്റ്റർ സ്ഥാനം എങ്കിലും ഉറപ്പ്. റീജിയൻ പ്രസിഡന്റായിരുന്ന ആളെ സെന്റർ പാസ്റ്ററെങ്കിലും ആക്കാതിരിക്കുന്നതെങ്ങനെ? (കുറെ പണം മുടക്കിയാലെന്താ നഷ്ടം!)

കേരളത്തിലുള്ള ഒരു സാധാരണക്കാരൻ സെന്റർ പാസ്റ്റർ ആകണമെങ്കിൽ വർഷങ്ങൾ എത്ര കാത്തിരിക്കണം! എന്തെല്ലാം കടമ്പ കടക്കണം! ആദ്യമായി ഐ.പി.സിയുടെ അംഗീകാരമുള്ള ഒരു ബൈബിൾ കോളേജിൽ ചേർന്ന് പഠിക്കണം. അതു കഴിഞ്ഞ് പി.ജി. കോഴ്സ് പൂർത്തിയാക്കണം. ഏതെങ്കിലും സെന്റർ പാസ്റ്ററുടെ കൈയും കാലും പിടിച്ച് ഇവാൻജലിസ്റ്റാകണം. വളരെ ബുദ്ധിമുട്ടി പ്രസ്ബിറ്ററിയുടെ അംഗീകാരം വാങ്ങണം. കുറേക്കാലം കഴിഞ്ഞ് ഓർഡിനേഷൻ തരപ്പെടുത്തണം. സകലമാന തറവേലകളും കാണിച്ച് പ്രമാണിയായി മാറണം. അങ്ങനെ, കാലം കുറെ കഴിയുമ്പോൾ സെന്റർ പാസ്റ്റർ ആയെന്നുവരാം. പക്ഷേ, സിമണി കൊടുത്ത് ഭാരവാഹികളായവർക്ക് ഇതൊന്നും ബാധകമല്ല. നേരേ വന്ന് സെന്റർ പാസ്റ്ററാകാം. ഐ.പി.സി. തിരുവല്ല റെയിൽവേ സ്റ്റേഷൻ പോലെയാണെന്ന് അച്ചൻകുഞ്ഞ് ഇലന്തൂർ പറഞ്ഞത് തികച്ചും ശരിയാണ്.

## സമയം തീർന്നു




## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3950734
മൊബൈൽ: 94474 14608

# കടമ്പനാട് അടിപീസി ഹാൾ ഉദ്ഘാടനം ചെയ്തു

ഐ.പി.സിയെ ഡിഫെൻഡർ അടിപീസി എന്നു വിളിക്കുന്നതിൽ പലർക്കും പ്രതിഷേധമുണ്ടെന്നറിയാം. പക്ഷേ, ഇത്ര അന്വർത്ഥമായ മറ്റൊരു പേര് ഐ.പി.സിക്ക് ഇല്ല എന്നതാണ് വസ്തുത. സംശയമുള്ളവർ കടമ്പനാട് ഹെബ്രോൻ ഐ.പി.സിയിൽ ഏതാനും ദിവസം മുൻപ് നടന്ന ഒരു സംഭവം കേൾക്കൂ.

പാസ്റ്റർ ബഞ്ചമിൻ വർഗീസാണ് ഇവിടത്തെ സെന്റർ പാസ്റ്റർ. ഏത് ബഞ്ചമിൻ വർഗീസ് എന്ന് ചോദിച്ചാൽ, അമ്പലത്തിന് ആശംസപറഞ്ഞ അതേ ബഞ്ചമിൻ വർഗീസ് എന്നാണ് ഉത്തരം. ഇദ്ദേഹത്തിന്റെ നാക്കും പ്രവൃത്തിയും അത്ര നല്ലതല്ല. അതുകൊണ്ട് സെന്ററിൽ പ്രശ്നങ്ങൾ ഒഴിഞ്ഞ നേരവുമില്ല.

കടമ്പനാട് ഹെബ്രോൻ സഭയ്ക്ക് ഈയിടെ ഒന്നാംതരം ഒരു സഭാഹാൾ പണിതു. പണം കുറച്ചധികം ചെലവാക്കി, തികച്ചും രാജകീയമായാണ് ഹാൾ പണിതത്. അത്യുഗ്രൻ പിരിവ് നടത്തിയാണ് ഇതിനാവശ്യമായ പണം സ്വരൂപിച്ചത്.

ഫണ്ടിൽ നിന്നും അറുപതിനായിരം രൂപ കാണാതായി എന്നൊരു ആരോപണം ഉയർന്നു. അങ്ങനെയൊന്നും നടന്നിട്ടില്ലെന്ന് വരുത്തിത്തീർക്കാൻ ശ്രമം നടന്നെങ്കിലും വിജയിച്ചില്ല. വേണ്ടപ്പെട്ടവരുടെ അറിവോടെ അറുപതിനായിരം രൂപയുടെ തിരിമറി നടന്നതായി തെളിഞ്ഞു. ഇതിനെതിരെ സഭയുടെ ട്രഷറാർ പ്രതികരിച്ചു. പ്രതികരിക്കുന്നവരെ പെന്തക്കോസ്ത് നേതാക്കൻമാർ വെച്ചു പൊറുപ്പിക്കയില്ല എന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. അങ്ങനെ ട്രഷറാറെ വിചാരണ പോലും ചെയ്യാതെ പുറത്താക്കി. പക്ഷേ, നിയമവിരുദ്ധമായ ഈ പുറത്താക്കൽ അംഗീകരിക്കാൻ ട്രഷറാർ തയ്യാറായില്ല.

ഏറെ താമസിയാതെ സഭാഹാളിന്റെ ഉദ്ഘാടനം നടന്നു. വല്യതിരുമേനിയായിരുന്നു ഉദ്ഘാടകൻ. ഉദ്ഘാടനം കഴിഞ്ഞ് കണക്കുവായന ആരംഭിച്ചു. യഥാർത്ഥ ട്രഷറാർക്കു പകരം മറ്റൊരാളാണ് കണക്കു വായിച്ചത്. കണക്കിനേക്കുറിച്ച് സംശയവുമായി ഒരാൾ എഴുന്നേറ്റു. അത് സെന്റർ പാസ്റ്ററായ ബഞ്ചമിൻ വർഗീസിന് രസിച്ചില്ല. കണക്കുവയിക്കുന്നിടത്ത് സംശയമോ? ഇതെന്തു പരിപാടി. മിണ്ടാതിരുന്ന് കണക്കു കേൾക്കാനല്ലാതെ ചോദ്യം ചോദിക്കാൻ വിശ്വാസികൾക്ക് എന്തധികാരം.

"അയാൾ ഒരു ഭ്രാന്തനാണ്. അയാളെ പിടിച്ച് പുറത്താക്കുക". സെന്റർ പാസ്റ്റർ കല്പിച്ചു. പക്ഷേ, സംശയക്കാരൻ അടങ്ങിയില്ല. തനിക്ക് പറയാനുള്ളത് പറഞ്ഞേ അടങ്ങൂ എന്ന് അയാൾ പ്രഖ്യാപിച്ചു. വെറുതെ പ്രഖ്യാപിക്കുക മാത്രമല്ല, പറയാനുള്ളതെല്ലാം അയാൾ പറയുകയും ചെയ്തു. അങ്ങനെ സെന്റർ പാസ്റ്ററുടെ പുരാവൃത്തം മാലോകർ അറിഞ്ഞു. ശോശാമ്മ മുതൽ പലരുമായുള്ള ഇടപാടുകളൊക്കെ വെളിച്ചത്തായി.

സത്യം പറഞ്ഞാൽ പെന്തക്കോസ്തിൽ അടി ഉറപ്പാണല്ലോ. അതുതന്നെ കടമ്പനാട്ടും നടന്നു. അങ്ങനെ ഐ.പി.സി. അക്ഷരാർത്ഥത്തിൽ അടിപീസി ആയി. പിന്നീട് നടന്നതൊക്കെ വിവരിക്കാൻ ആയിരം നാവുള്ള അനന്തനും പറ്റുമെന്ന് തോന്നുന്നില്ല. എല്ലാം കഴിഞ്ഞപ്പോഴേക്കും അതിഥികളിൽ മിക്കവരും സ്ഥലം വിട്ടിരുന്നു.

ബഞ്ചമിൻ വർഗീസിന്റെ അഹങ്കാരം ഒന്നുകൊണ്ടു മാത്രമാണ് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടായത്. പക്ഷേ, ഇയാൾക്കെതിരെ സഭാനേതൃത്വം ഒരു നടപടിയും എടുക്കുകയില്ല. പണവും പ്രതാപവും ഉള്ളവർക്ക് പെന്തക്കോസ്തിൽ എന്തും ആകാമല്ലോ. പക്ഷേ, കണക്കു ചോദിച്ചവരെ സഭാനേതൃത്വം വെറുതെ വിടുന്ന ലക്ഷണമില്ല. അവർക്കെതിരെ നടപടിയുണ്ടാകും. സഭയിൽ നിന്നും പുറത്താക്കിയെന്നും വരാം.

ഇത് ഒറ്റപ്പെട്ട സംഭവമാണെന്ന് ആരും തെറ്റിദ്ധരിക്കരുത്. പെന്തക്കോസ്ത് സഭകളിൽ ഇപ്പോൾ ഇതൊക്കെയാണ് നടക്കുന്നത്. നേതാക്കൻമാർക്ക് എന്ത് തോന്ന്യാസവും കാണിക്കാം. വ്യഭിചരിക്കാം. മോഷ്ടിക്കാം. എന്തു വഞ്ചനയും കാണിക്കാം. അതൊന്നും പാപമല്ല. അഥവാ പാപമാണെങ്കിൽ ദൈവം ശിക്ഷിക്കട്ടെ. വിശ്വാസികൾ മിണ്ടരുത്. അഥവാ, ആരെങ്കിലും ചോദ്യം ചെയ്യാൻ ധൈര്യപ്പെട്ടാൽ സഭയിൽ നിന്ന് പുറത്താക്കും.